**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2220** **01-09-2022 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പി.ഡി.എസ്. വിഹിതമായും നോൺ പി.ഡി.എസ്. വിഹിതമായും കേരളത്തിന് കേന്ദ്ര സർക്കാർ മണ്ണെണ്ണ നൽകുന്നുണ്ടോ; ഇത് ഒരേ വിലയ്ക്കാണോ; എത്ര നാളത്തേയ്ക്കാണ് ഇത് ലഭിക്കുക; ഇത് അനുവദിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ? | (എ) | ഉണ്ട്. അതെ. സബ്സിഡി മണ്ണെണ്ണ ലഭിക്കുന്നത് ഓരോ മൂന്നുമാസ കാലയളവിലാണ്. ഈ സാമ്പത്തിക വർഷം മുതൽ ഓരോ മൂന്നുമാസം കൂടുമ്പോഴും 3888KL മണ്ണെണ്ണയാണ് കേന്ദ്രസർക്കാർ അനുവദിക്കുന്നത്. നോൺ സബ്സിഡി മണ്ണെണ്ണ 'one month quota' ആയി ഒരു വിഹിതം ആദ്യം ലഭിക്കുകയും ആയത് പൂർണ്ണമായി വിട്ടെടുത്ത ശേഷം അധിക ആവശ്യകത അറിയിക്കുന്നത് അനുസരിച്ച് കൂടുതൽ മണ്ണെണ്ണ അനുവദിക്കുകയും ആണ് ചെയ്യുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 2160 KL നോൺ സബ്സിഡി മണ്ണെണ്ണയാണ് ലഭിച്ചത്.<br><br>സബ്സിഡി മണ്ണെണ്ണ പ്രധാനമായും വിളക്ക് കത്തിക്കുക, പാചകം ചെയ്യുക തുടങ്ങിയ ഗാർഹിക ആവശ്യങ്ങൾക്കായാണ് അനുവദിക്കുന്നത്. സംസ്ഥാനത്തെ കാർഷികം, മത്സ്യബന്ധനം, ഉത്സവങ്ങൾ, മേളകൾ, പ്രകൃതിക്ഷോഭം തുടങ്ങിയ ആവശ്യങ്ങൾക്കായാണ് നോൺ സബ്സിഡി മണ്ണെണ്ണ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ